പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2221 18.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" എം. എ. വാഹീദ്<br>" സണ്ണി ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന വേതനം പരിഷ്ക്കരിക്കുന്നതിന് അംഗീകൃത തൊഴിലാളി സംഘടനകളും മാനേജ്മെന്റും തമ്മിൽ 22.05.2012 - ന് കരാറിൽ ഏർപ്പെടുകയും 27.11.2012 -ലെ സ.ഉ.(പി) നമ്പർ 71/2012/ ഗതാഗതം എന്ന സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത കരാർ നടപ്പാക്കുന്നതിന് സർക്കാർ അനുമതിയാകുകയും 03.12.2012 -ലെ എൽ.ആർ.8/43530/2010 എന്ന ഉത്തരവ് പ്രകാരം ശമ്പള പരിഷ്ക്കരണം കോർപ്പറേഷനിൽ നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഇതു സംബന്ധിച്ച കരാറിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 22.05.2012 -ന് ഒപ്പുവെച്ച ഉഭയകക്ഷി സേവന വേതന കരാറിന് 27.11.2012 -ലെ സ.ഉ.(പി) നമ്പർ 71/2012/ ഗതാഗതം എന്ന സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കരാറിന് എന്ന് മുതൽക്കാണ് പ്രാബല്യം നൽകുവാനുദ്ദേശിക്കുന്നത്; | (സി) | 22.05.2012 -ന് ഒപ്പുവെച്ച നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണ കരാർ 01.03.2012 മുതൽ നിലവിൽ വരുമെങ്കിലും ആയതിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി വരെ നോഷണൽ പ്രാബല്യമായിരിക്കും. |
| (ഡി) | ശമ്പള പരിഷ്ക്കരണത്തിലൂടെ എത്ര തുകയുടെ അധിക സാമ്പത്തിക ബാദ്ധ്യതയാണ് കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്നത്; വിശദമാക്കുമോ? | (ഡി) | സ്ഥിരം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം, ഹയർ ഡിവിഷൻ ഓഫീസർമാരുടെ ശമ്പള പരിഷ്ക്കരണം, എംപാനൽ ജീവനക്കാരുടെ ദിവസക്കൂലി വർദ്ധന, നിർദ്ദിഷ്ട പെൻഷൻ പരിഷ്ക്കരണം, പുതുക്കിയ ശമ്പളത്തോടൊപ്പം/ പെൻഷനോടൊപ്പം അനുവദിക്കുന്ന ക്ഷാമബത്ത എന്നിവ നടപ്പിലാക്കുക വഴി പ്രതിമാസം 11.13 കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ